# പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

2016 സെപ്റ്റംബർ 27, ചൊവ്വ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

## I തിരുത്തിയ ഉത്തരം

നക്ഷത്രചിഹ്നമിടാത്ത 313-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം

പതിനാലാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനത്തിലെ നക്ഷത്രചിഹ്നമിടാത്ത മുന്നൂറ്റി പതിമൂന്നാം നമ്പർ ചോദ്യത്തിന് നൽകിയ ഉത്തരത്തിൽവന്ന തെറ്റ് തിരുത്തിക്കൊണ്ടുള്ള സ്റ്റേറ്റ്മെന്റ് ധനകാര്യവും കയറും വകുപ്പുമന്ത്രി മേശപ്പുറത്തുവച്ചു.

## II അടിയന്തര പ്രമേയം

യുവജന വിദ്യാർത്ഥി പ്രവർത്തകരെ മർദ്ദിച്ച സംഭവം

മി. സ്പീക്കർ: സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ അമിത ഫീസ് വർദ്ധനയ്ക്കെതിരെ നിരാഹാര സമരം നടത്തുന്ന യൂത്ത് കോൺഗ്രസ് പ്രവർത്തകരോട് അനുഭാവം രേഖപ്പെടുത്തി സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രകടനം നടത്തിയ യുവജന വിദ്യാർത്ഥി പ്രവർത്തകരെ ക്രൂരമായി മർദ്ദിച്ചൊതുക്കാൻ പോലീസും എസ്.എഫ്.ഐ. പ്രവർത്തകരും നടത്തിയ ശ്രമംമൂലം ഉളവായിരിക്കുന്ന ഗുരുതരമായ സ്ഥിതിവിശേഷം ഇന്നത്തെ സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ ഷാഫി പറമ്പിൽ, എം. ഉമ്മർ, അനൂപ് ജേക്കബ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സ്വാശ്രയ മെഡിക്കൽ കോളേജ് ഫീസ് വർദ്ധനയ്ക്കെതിരെ യൂത്ത് കോൺഗ്രസ് പ്രവർത്തകർ നടത്തുന്ന നിരാഹാര സമരത്തോട് അനുഭാവം രേഖപ്പെടുത്തി പ്രകടനം നടത്തിയവരുടെ ഭാഗത്തുനിന്നും ആക്രമണമുണ്ടായതിനെത്തുടർന്ന് വഴിയാത്രക്കാർക്കും ഡ്യൂട്ടിയിലുണ്ടായിരുന്ന പോലീസുകാർക്കും പരിക്കേറ്റിട്ടുണ്ട്.

പ്രകോപനമുണ്ടാക്കാതെ കാര്യങ്ങൾ നിയന്ത്രിക്കാൻ പോലീസ് ശ്രമിച്ചെങ്കിലും അങ്ങേയറ്റം നിഷേധാത്മക നിലപാടാണ് സമരക്കാരുടെ ഭാഗത്തുനിന്നുണ്ടായത്. പ്രസ്തുത വിഷയം ഇന്നലെ സഭ പരിഗണിക്കുകയും ആരോഗ്യ വകുപ്പുമന്ത്രി നേരിട്ട് സംഘടനാ നേതാക്കളുമായി ചർച്ച നടത്തുകയും ചെയ്തതാണ്. യാഥാർത്ഥ്യം മനസ്സിലാക്കി സമരത്തിൽ നിന്ന് പിന്തിരിയാൻ നേതൃത്വം വഹിക്കുന്നവർ തയ്യാറാകണം.

<u>ശ്രീ. ഷാഫി പറമ്പിൽ</u>: സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ അമിത ഫീസ് വർദ്ധന പിൻവലിക്കണമെന്ന ന്യായമായ ആവശ്യമുന്നയിച്ച് യൂത്ത് കോൺഗ്രസ്സ്-കെ.എസ്.യു. പ്രവർത്തകർ നടത്തിയ സമരത്തെ വൈരാഗ്യ ബുദ്ധിയോടെ നേരിട്ട സമീപനമാണ് പോലീസിന്റെ ഭാഗത്തുനിന്നുമുണ്ടായത്. പോലീസിന്റെ ആക്രമണത്തെത്തുടർന്ന് സാരമായി പരിക്കേറ്റ പ്രവർത്തകർ വിവിധ ആശുപത്രികളിൽ ചികിത്സയിലാണ്. മെരിറ്റ് സീറ്റുകളിലുൾപ്പെടെ ചരിത്രത്തിലില്ലാത്ത ഫീസ് വർദ്ധനയാണ് വരുത്തിയിരിക്കുന്നത്. സി.പി.ഐ.(എം.)-ന്റെ നിയന്ത്രണത്തിലുള്ള പരിയാരം മെഡിക്കൽ കോളേജിലെങ്കിലും ഫീസ് കുറയ്ക്കാൻ തയ്യാറാകണം. സ്വാശ്രയ മെഡിക്കൽ സീറ്റുകളുമായി ബന്ധപ്പെട്ട് ജെയിംസ് കമ്മിറ്റി മുമ്പാകെ വരുന്ന പരാതികളെ ലീഗലൈസ്

ചെയ്യുന്ന നിലപാടാണ് ഗവൺമെന്റ് സ്വീകരിച്ചുവരുന്നത്. ഗവൺമെന്റിന്റെ നിരുത്തരവാദപരമായ സമീപനത്തിനെതിരെയുള്ള പ്രക്ഷോഭങ്ങളെ ഗ്രനേഡും ജലപീരങ്കിയും കൊണ്ട് നേരിടാമെന്ന ധാരണ തെറ്റാണ്. യുവജന പ്രവർത്തകർക്കുനേരെ പോലീസിന്റെ ഭാഗത്തുനിന്നുണ്ടായ അതിക്രമം സംബന്ധിച്ച് സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): യൂത്ത് കോൺഗ്രസ് നേതാക്കളുടെ നിരാഹാര സമരവുമായി ബന്ധപ്പെട്ട് തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, പാലക്കാട്, കോഴിക്കോട് എന്നിവിടങ്ങളിൽ ഇന്നലെ നടന്ന സമരം അക്രമാസക്തമായതിനെത്തുടർന്ന് യൂത്ത് കോൺഗ്രസ് പ്രവർത്തകർക്കും പോലീസ് ഉദ്യോഗസ്ഥർക്കും പരിക്കേൽക്കുകയുണ്ടായി. സമരക്കാർ സെക്രട്ടേറിയറ്റിനുമുന്നിൽ വാഹനഗതാഗതവും സഞ്ചാരസ്വാതന്ത്ര്യവും തടയുകയും കല്ലേറ് നടത്തുകയും ചെയ്തു. ഇതിനെതിരെ പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. സ്വാശ്രയ മെഡിക്കൽ കോളേജ് പ്രവേശനത്തിന്റെ കാര്യത്തിൽ ആകെയുള്ള 23 സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ 20 എണ്ണം സർക്കാരുമായി ധാരണയിലെത്തിയിട്ടുള്ളതിനാൽ 1150 സീറ്റുകളിൽ മെറിറ്റ് ലിസ്റ്റിൽ നിന്ന് പ്രവേശനം ലഭിക്കുന്നതാണ്. അലോട്ട്മെന്റ് അവസാനഘട്ടത്തിലായതിനാൽ അഡ്മിഷൻ സമയബന്ധിതമായി പൂർത്തിയാക്കേണ്ടതുണ്ട്. സെപ്റ്റംബർ 20-ാം തീയതി ആരംഭിച്ച യൂത്ത്

കോൺഗ്രസ് നേതാക്കളുടെ സമരം 24-ാം തീയതി മുതലാണ് അക്രമാസക്തമായത്. മന്ത്രിമാരെ യാത്രാമധ്യേ തടയുന്നതിനുള്ള ശ്രമമുണ്ടായി. മുഖ്യമന്ത്രിയെ കരിങ്കൊടി കാണിച്ചത് യൂത്ത് കോൺഗ്രസ് പ്രവർത്തകരാണെന്ന് അവകാശപ്പെടാതിരിക്കുന്നതാണ് നല്ലത്. മോശമല്ലാത്ത യുവജന സംഘടനയായ യൂത്ത് കോൺഗ്രസ് രണ്ട് ആളുകളെ വച്ചല്ലേ കരിങ്കൊടി പ്രയോഗത്തിന് തയ്യാറായത്. ഏതോ ചാനലുകാർ വാടകയ്ക്കെടുത്തവരാണ് കരിങ്കൊടി കാണിച്ചതെന്നാണ് ഞാൻ കരുതുന്നത്.

(മുഖ്യമന്ത്രിയുടെ പരാമർശത്തിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ബഹളം വച്ചുകൊണ്ട് ബഹുമാനപ്പെട്ട സ്പീക്കറുടെ ഡയസ്സിനുമുന്നിലേയ്ക്ക് വരികയും തുടർന്ന് മുദ്രാവാക്യം വിളിച്ചുകൊണ്ട് നടുത്തളത്തിലിരുന്ന് സഭാനടപടികൾ തടസ്സപ്പെടുത്തുകയും ചെയ്തു.)

<u>ശ്രീ. പിണറായി വിജയൻ</u> : ജനാധിപത്യപരമായ നടപടിയാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. നിലവിലുള്ള പ്രത്യേക സാഹചര്യത്തിൽ നീറ്റ് മെരിറ്റും ഹൈക്കോടതി വിധിയും മാനിച്ചുകൊണ്ടുമാത്രമേ മുന്നോട്ടുപോകാൻ സാധിക്കുകയുള്ളൂ. കോടതി വിധിയടക്കമുള്ള സാഹചര്യമുണ്ടായിട്ടും സർക്കാരിന്റെ ശക്തമായ ഇടപെടൽകൊണ്ട് മാനേജ്മെന്റുമായി ധാരണയിലെത്താൻ കഴിഞ്ഞിട്ടുണ്ട്. സുപ്രീംകോടതിയുടെ

പരിഗണനയിലുള്ള ഈ കേസ്സിന്റെ അന്തിമവിധി ഉടൻതന്നെ ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. സ്വാശ്രയ മാനേജ്മെന്റ് തലവരിപ്പണം വാങ്ങുന്നതായി ആക്ഷേപമുണ്ടായാൽ ഗൗരവമായി പരിശോധിക്കുകയും ശരിയാണെന്ന് ബോദ്ധ്യപ്പെട്ടാൽ കർശന നടപടി സ്വീകരിക്കുകയും ചെയ്യുന്നതാണ്. ഇക്കാര്യത്തിൽ മുൻകാലങ്ങളിൽനിന്നും വ്യത്യസ്തമായി ജെയിംസ് കമ്മിറ്റിക്ക് ശക്തമായ പിന്തുണ നൽകാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. ആവശ്യമെന്നുകണ്ടാൽ സർക്കാർ അതാതു ഘട്ടങ്ങളിൽത്തന്നെ നേരിട്ട് ഇടപെടുന്നതായിരിക്കും. വിദ്യാർത്ഥികളെയും രക്ഷിതാക്കളെയും പൊതുസമൂഹത്തെയും മുന്നിൽക്കണ്ടുകൊണ്ട് സർക്കാർ സ്വീകരിച്ച നിലപാട് വിദ്യാഭ്യാസ ഭാവിക്ക് വലിയ മുതൽക്കൂട്ടാകും. ജനാധിപത്യരീതികൾ പൂർണ്ണമായും തകർക്കുന്ന നിലപാടാണ് പ്രതിപക്ഷം സ്വീകരിക്കുന്നത്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(പ്രതിപക്ഷനേതാവ് സംസാരിക്കാൻ എഴുന്നേറ്റതിനെത്തുടർന്ന് നടുത്തളത്തിലിരുന്ന് മുദ്രാവാക്യം വിളിച്ചുകൊണ്ടിരുന്ന പ്രതിപക്ഷാംഗങ്ങൾ അവരവരുടെ സീറ്റുകളിലേക്ക് മടങ്ങിപ്പോയി. )

പ്രതിപക്ഷ നേതാവ് (<u>ശ്രീ. രമേശ് ചെന്നിത്തല</u>): സമരം ചെയ്ത

വിദ്യാർത്ഥികളെ തല്ലിച്ചതയ്ക്കുന്ന സർക്കാരിന്റെ നിലപാട് ശരിയല്ല. പ്രതിപക്ഷം ഉന്നയിക്കുന്ന കാര്യങ്ങൾ സഹിഷ്ണുതയോടെ കേൾക്കാൻ മുഖ്യമന്ത്രി തയ്യാറാകണം. അക്രമത്തെ പ്രോത്സാഹിപ്പിക്കുന്ന നയമല്ല പ്രതിപക്ഷത്തിനുള്ളത്. സമരം ചെയ്ത വിദ്യാർത്ഥികളെ പോലീസിനെ ഉപയോഗിച്ച് മർദ്ദിച്ച നടപടി അങ്ങേയറ്റം പ്രതിഷേധാർഹമാണ്. പ്രതിപക്ഷത്തെ അപമാനിക്കാനുള്ള ശ്രമം സർക്കാരിന് ഭൂഷണമല്ല. ഫീസ് വർദ്ധനവിലൂടെ വലിയ തോതിൽ കൊള്ള നടത്താനുള്ള പരസ്യമായ ലൈസൻസാണ് സ്വകാര്യ സ്വാശ്രയ മാനേജ്മെന്റുകൾക്ക് സർക്കാർ നൽകിയിരിക്കുന്നത്. പരിയാരം മെഡിക്കൽ കോളേജിൽ വർദ്ധിപ്പിച്ച ഫീസ് കുറയ്ക്കാൻ തയ്യാറാകണം. സഭയുടെ അന്തസ്സിന് യോജിക്കാത്ത രീതിയിൽ മുഖ്യമന്ത്രി നടത്തിയ പരാമർശം പിൻവലിക്കുകയോ അല്ലെങ്കിൽ സഭാരേഖകളിൽനിന്ന് നീക്കം ചെയ്യുകയോ ചെയ്യണം. പരാമർശം പിൻവലിക്കാൻ മുഖ്യമന്ത്രിയോട് ബഹുമാനപ്പെട്ട സ്പീക്കർ ആവശ്യപ്പെടണം. പ്രസ്തുത പരാമർശം പിൻവലിക്കാതെ സഭാനടപടികളുമായി യോജിക്കാൻ ബുദ്ധിമുട്ടുണ്ട്.

മി. സ്പീക്കർ : മുഖ്യമന്ത്രി എന്ത് പ്രസംഗിക്കണമെന്ന് നിർദ്ദേശിക്കാൻ ചെയറിന് നിർവ്വാഹമില്ലെന്ന കാര്യം ഖേദപൂർവ്വം അറിയിക്കുന്നു.

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ബാനറുകളും പ്ലക്കാർഡുകളും ഉയർത്തിപ്പിടിച്ച് സ്പീക്കറുടെ ഡയസിന് മുന്നിൽ വന്നുനിന്ന്

സഭാനടപടികൾ തടസ്സപ്പെടുത്തുംവിധം ബഹളം വയ്ക്കുകയും മുദ്രാവാക്യം വിളിക്കുകയും ചെയ്തുകൊണ്ടിരുന്നതിനാൽ ബഹുമാനപ്പെട്ട സ്പീക്കർ ശ്രദ്ധ ക്ഷണിക്കലും സബ്മിഷനുകളും റദ്ദ് ചെയ്തതായി പ്രഖ്യാപിക്കുകയും കാര്യവിവരപ്പട്ടികയിലെ അടുത്ത ഇനത്തിലേയ്ക്ക് കടക്കുകയും ചെയ്തു.)

## III മേശപ്പുറത്തുവച്ച കടലാസ്സുകൾ

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

## IV റിപ്പോർട്ട് സമർപ്പണം

സബ്ജക്ട് കമ്മിറ്റി IV-ന്റെ 2016 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2015-2016 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും സമർപ്പിക്കപ്പെട്ടു.

## V ധനകാര്യം

### 2016-17 സാമ്പത്തിക വർഷത്തേയ്ക്കുള്ള പുതുക്കിയ ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്) : താഴെപ്പറയുന്ന ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ V - കാർഷികാദായ നികുതിയും വില്പന നികുതിയും
(119,69,34,000 രൂപ)

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ) : താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ VI - ഭൂനികുതി
(240,43,18,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XI - ജില്ലാഭരണവും പലവകയും
(247,66,71,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XXI - ഭവനനിർമ്മാണം
(63,70,47,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XXVI -പ്രകൃതിക്ഷോഭം മൂലമുള്ള ദുരിതാശ്വാസത്തിന്
(168,79,17,000 രൂപ)

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ) : പ്രമേയങ്ങളെ പിന്താങ്ങുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്) : കാർഷികാദായ നികുതിയും വില്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയെയും ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയെയും ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയെയും ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയെയും പ്രകൃതിക്ഷോഭം മൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയെയും സംബന്ധിച്ച 236 (3) പ്രകാരമുള്ള പ്രസ്താവന മേശപ്പുറത്ത് വയ്ക്കുന്നു.

(ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കപ്പെട്ടില്ല. ധനാഭ്യർത്ഥന ചർച്ചകൾ

റദ്ദ് ചെയ്തു.)

കാർഷികാദായ നികുതിയും വില്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയും ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയും ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയും ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയും പ്രകൃതിക്ഷോഭം മൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയും സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

സഭ രാവിലെ 10.36-ന് പിരിഞ്ഞു.